പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.

- 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.

- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേയുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.

- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

ഈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ബഡ്ജറ്റ് വരുമാനം

168 (508) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പുറമേ ഏതെങ്കിലും വകുപ്പിൽ പുതുതായി എന്തെങ്കിലും പദ്ധതിയോ പരിപാടിയോ നടപ്പിലാക്കാൻ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്നും അതുവഴി ഉണ്ടാകുന്ന അധിക ചെലവിന് പ്രതീക്ഷിക്കുന്നത് എത്ര കോടിയാണെന്നും വെളിപ്പെടുത്താമോ ;

(ബി) 2014-15-ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ പിന്നീട് സർക്കാർ എടുത്ത നയപരമായ തീരുമാനങ്ങളുടെ ഭാഗമായി ഉണ്ടാകാവുന്ന വരുമാനത്തിലെ കുറവ് എത്ര കോടിയായിരിക്കുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രഖ്യാപിത ബഡ്ജറ്റിന് പുറത്തുള്ള അധിക ചെലവും, വരുമാനത്തിലെ കുറവും ഏതെല്ലാം നിലയിൽ പരിഹരിക്കാനുദ്ദേശിക്കുന്നു ; പ്ലാൻ കട്ട് എത്ര ശതമാനമായിരിക്കുമെന്നും പ്രഖ്യാപിത പദ്ധതികൾ ഏതെല്ലാം ഒഴിവാക്കപ്പെടുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാർ കൈക്കൊണ്ട നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനത്തിൽ സാരമായ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

(സി) പ്രഖ്യാപിത ബഡ്ജറ്റിനുള്ളിൽ മുൻഗണനാക്രമത്തിൽ ചെലവുകൾ പുനഃക്രമീകരിച്ചും വിഭാവനം ചെയ്തിട്ടുള്ള അധിക വിഭവ സമാഹരണ നടപടികൾ ഊർജ്ജിതപ്പെടുത്തിയുമാണ് പദ്ധതി നിർവ്വഹണം ഉദ്ദേശിക്കുന്നത്. പദ്ധതി ചെലവിൽ കുറവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള കേന്ദ്ര പദ്ധതികൾ

169 (509) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഓഫ് ഇന്ത്യ 2014-15-ലെ സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള നിർദ്ദേശത്തോടെ ഏതെല്ലാം പദ്ധതികളുടെ എത്രയുക വീതം സംസ്ഥാനത്തിന് റിലീസ് ചെയ്ത് തന്നിട്ടുണ്ട്, കേന്ദ്ര പദ്ധതിയും തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം ലഭിച്ച മൊത്തം തുകയിൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം ചെലവഴിച്ച തുക എത്ര, അവശേഷിച്ച തുക എത്ര ;

(സി) സംസ്ഥാനത്തിന് റിലീസ് ചെയ്ത തന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly